**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 928** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കാട് - മൂപ്ലിയം - കോടാലി റോഡിന്റെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി അനുമതി ലഭിച്ച പുതുക്കാട് - മൂപ്ലിയം - കോടാലി റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

**<u>മറുപടി:</u>** പുതുക്കാട് മൂപ്ലിയം കോടാലി റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 59.20 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 74.48 കോടി രൂപയ്ക്കു പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുള്ളതാണ്. 7 2 . 9 5 കോടി രൂപയുടെ സാങ്കേതിക അനുമതി

നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 30.10.2025 തീയതിയിൽ ടെൻഡർ ചെയ്യുകയും 14.11.2025-തീയതിയിൽ ടെക്നിക്കൽ ബിഡുകൾ തുറക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് ബിഡർമാർ ടെൻഡറിൽ പങ്കെടുക്കുകയും 15.12.2025-തീയതിയിലെ 199-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ എല്ലാ ബിഡർമാരും യോഗ്യരാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 18.12.2025 തീയതിയിൽ ഫിനാൻഷ്യൽ ബിഡുകൾ തുറക്കുകയും, ടെൻഡറിൽ M/s BAAB Constructions India Limited ആണ് യഥാർത്ഥ ഏറ്റവും കുറഞ്ഞ നിരക്കുള്ള ബിഡ്ഡറായിട്ടുള്ളതെങ്കിലും, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിരിക്കുന്ന 1 0 % വരെ വില മുൻഗണന (Price Preference) പരിഗണിച്ച് M/s Uralungal Labour Contract Co-operative Society (ULCCS)-നെ L 1 ബിഡറായി പരിഗണിക്കുകയും, നിരക്ക് കൂടുതലായി ചെയ്ത ഇനങ്ങൾക്ക് (High quoted rate) Negotiation നടത്തിയെങ്കിലും L1 ബിഡ്ഡർ ആയ M/s U L C C S നിരക്കുകൾ കുറയ്ക്കാൻ സാധിക്കില്ല എന്ന് അറിയിച്ചിരുന്നു. തുടർന്ന്, പ്രസ്തുത ബിഡ് 19.01.2026-ന് ചേർന്ന പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള 65-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചെങ്കിലും ഇതിനിടെ M/s ബാബ് കൺസ്ട്രക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് 09.01.2026-ന് റിട്ട് പെറ്റിഷൻ W.P.(C) No.1167/2026 ഫയൽ ചെയ്തിട്ടുള്ളതിനാൽ, ആയതിന് കോടതിവിധി ലഭിക്കുന്നമുറയ്ക്കു തുടർനടപടികൾ സ്വീകരിക്കുന്നതിനായി കമ്മിറ്റി നിർദ്ദേശിക്കുകയും ചെയ്തിരിക്കുകയാണ്. പ്രസ്തുത കേസിലെ 02.02.2026- ൽ ലഭിച്ച വിധിപ്രകാരം, ടെൻഡർ നടപടികൾ തുടരുകയും കുറഞ്ഞതുകയ്ക്കു ക്വോട്ട് ബിഡറായ M/s BAAB Constructions India Limited-ന് പ്രവൃത്തി അനുവദിക്കുകയും ചെയ്യണമെന്ന് ബഹു. കോടതി നിർദ്ദേശിച്ചിട്ടുണ്ട്. അന്തിമ വിധിയുടെ പശ്ചാത്തലത്തിൽ ടെൻഡർ വീണ്ടും 25.02.2026-ലെ 67-ാ ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ആയതു കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന്, ടെൻഡർ നടപടികൾ പൂർ ത്തിയാക്കി 10.03.2026

തീയതിയിൽ Letter of Acceptance, M/s ബാബ് കണ് സ്ട്രക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് നൽകിയിട്ടുമുണ്ട്. എഗ്രിമെന്റ് നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട് K II F B തുടർനടപടികൾ നിലവിൽ നിർത്തിവയ്ക്കാൻ നിർദ്ദേശിച്ച സാഹചര്യത്തിൽ, KIIFBയിൽ നിന്ന് തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതുവരെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.

**(ബി)** ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തി, എഗ്രിമെന്റ് അടക്കമുള്ള നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പുതുക്കാട് മുപ്ലിയം കോടാലി റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 59.20 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 74.48 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുള്ളതാണ്. 7 2 . 9 5 കോടി രൂപയുടെ സാങ്കേതിക അനുമതി

നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 30.10.2025 തീയതിയിൽ ടെൻഡർ ചെയ്യുകയും 14.11.2025-തീയതിയിൽ ടെക്നിക്കൽ ബിഡുകൾ തുറക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് ബിഡർമാർ ടെൻഡറിൽ പങ്കെടുക്കുകയും 15.12.2025-തീയതിയിലെ 199-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ എല്ലാ ബിഡർമാരും യോഗ്യരാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 18.12.2025 തീയതിയിൽ ഫിനാൻഷ്യൽ ബിഡുകൾ തുറക്കുകയും, ടെൻഡറിൽ M/s BAAB Constructions India Limited ആണ് യഥാർത്ഥ ഏറ്റവും കുറഞ്ഞ നിരക്കുള്ള ബിഡ്ഡറായിട്ടുള്ളതെങ്കിലും, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിരിക്കുന്ന 1 0 % വരെ വില മുൻഗണന (Price Preference) പരിഗണിച്ച് M/s Uralungal Labour Contract Co-operative Society (ULCCS)-നെ L 1 ബിഡറായി പരിഗണിക്കുകയും, നിരക്ക് കൂടുതലായി ചെയ്ത ഇനങ്ങൾക്ക് (High quoted rate) Negotiation നടത്തിയെങ്കിലും L1 ബിഡ്ഡർ ആയ M/s U L C C S നിരക്കുകൾ കുറയ്ക്കാൻ സാധിക്കില്ല എന്ന് അറിയിച്ചിരുന്നു. തുടർന്ന്, പ്രസ്തുത ബിഡ് 19.01.2026-ന് ചേർന്ന പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള 65-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചെങ്കിലും ഇതിനിടെ M/s ബാബ് കണ് സ്ട്രക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് 09.01.2026-ന് റിട്ട് പെറ്റിഷൻ W.P.(C) No.1167/2026 ഫയൽ ചെയ്തിട്ടുള്ളതിനാൽ, ആയതിന് കോടതിവിധി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനായി കമ്മിറ്റി നിർദ്ദേശിക്കുകയും ചെയ്തിരിക്കുകയാണ്. പ്രസ്തുത കേസിലെ 02.02.2026- ൽ ലഭിച്ച വിധിപ്രകാരം, ടെൻഡർ നടപടികൾ തുടരുകയും കുറഞ്ഞതുകയ്ക്ക് ക്വോട്ട് ബിഡറായ M/s BAAB Constructions India Limited-ന് പ്രവൃത്തി അനുവദിക്കുകയും ചെയ്യണമെന്ന് ബഹു. കോടതി നിർദ്ദേശിച്ചിട്ടുണ്ട്. അന്തിമ വിധിയുടെ പശ്ചാത്തലത്തിൽ ടെൻഡർ വീണ്ടും 25.02.2026-ലെ 67-ാ ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ആയത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന്, ടെൻഡർ നടപടികൾ പൂർ ത്തിയാക്കി 10.03.2026 തീയതിയിൽ Letter of Acceptance, M/s ബാബ് കണ് സ്ട്രക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് നൽകിയിട്ടുമുണ്ട്. എഗ്രിമെന്റ് നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട് K II F B തുടർനടപടികൾ നിലവിൽ നിർത്തിവയ്ക്കാൻ നിർദ്ദേശിച്ച സാഹചര്യത്തിൽ, KIIFBയിൽ നിന്ന് തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതുവരെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.

**സെക്ഷൻ ഓഫീസർ**